കളായി വൈദ്യുതിബോർഡിൽനിന്ന് ചീഫ് എൻജിനീയർമാരായി വിരമിച്ച സർവ്വശ്രീ കെ.ഇ. ദാമോദരൻ നായനാർ, ആർ. ബാലകൃഷ്ണൻ നായർ എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. കാവേരി നദീജല പ്രശ്നത്തിൽ കേരളത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഭേദഗതികളൊന്നും നിർദ്ദേശിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രാഥമിക റിപ്പോർട്ടുകൾ കാവേരി നദീജലതർക്ക ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. ട്രൈബ്യൂണലിന്റെ അന്തിമതീരുമാനത്തിനനുസൃതമായി മാത്രമേ മറ്റ് നടപടികൾ തുടരുവാൻ കഴിയുകയുള്ളു.

പ്രവാസി മലയാളികൾക്കു വേണ്ടിയുള്ള നിധി

113 (3042) ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിലേക്കായി ഒരു നിധി രൂപവൽക്കരിക്കാനുദ്ദേശമുണ്ടോ;

(ബി) ഈ നിധിയുടെ കോർപ്പസ് എത്രയാണ്;

(സി) ഈ നിധിയുടെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിക്ഷേപം നടത്താനുദ്ദേശിക്കുന്ന പ്രവാസി മലയാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഒരു നോൺ റസിഡന്റ് ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) തുടക്കത്തിൽ 50 ലക്ഷം രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നിക്ഷേപം നടത്താനുദ്ദേശിക്കുന്ന പ്രവാസി മലയാളികൾക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് നോൺ റസിഡന്റ് ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നത്. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, പദ്ധതി പ്രവർത്തനം തുടങ്ങുന്നതുവരെയുള്ള മറ്റു പ്രവർത്തനങ്ങൾക്കും ധനസഹായം ലഭ്യമാക്കുക എന്നതാണ് ഈ റിവോൾവിംഗ് ഫണ്ടിന്റെ പ്രധാന ഉദ്ദേശ്യം. ഇതിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ ലാഭകരമായി പ്രവർത്തിച്ചു തുടങ്ങുന്ന മുറയ്ക്ക് ലഭ്യമാക്കിയ തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലായിരിക്കണം ധനസഹായം ലഭ്യമാക്കേണ്ടത് എന്നാണ് ഉദ്ദേശം. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് അന്തിമതീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly